പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2616

14/12/2015 -ൽ മറുപടിയ്ക്ക്

**ആൽപാറ ദേവീ ക്ഷേത്രം വക കുളം പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സാജു പോൾ | | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) തിരുവിതാംകൂർ ദേവസ്വം ബോർഡ്, തൃക്കാരിയൂർ ഗ്രൂപ്പിൽ ഉൾപ്പെട്ട ആൽപാറ ദേവീക്ഷേത്രം വക പെരുമ്പാവൂർ ക്ഷേത്രക്കുളത്തിൻെറ പുനരുദ്ധാരണ നടപടികൾ സ്തംഭനാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ബി) എം.എൽ.എ. ഫണ്ടും ദേവസ്വം ബോർഡിൻെറ വിഹിതവും വകയിരുത്തിയിട്ടും നിർമ്മാണ ജോലികൾ പൂർത്തിയാക്കാത്തതിൻെറ കാരണം വ്യക്തമാക്കുമോ; | എ) & ബി) | ഉണ്ട്. ആൽപ്പാറ ദേവീ ക്ഷേത്രം വക പെരുമ്പാവൂർ ക്ഷേത്രക്കുള പുനരുദ്ധാരണം എം.എൽ.എ. ഫണ്ടും ദേവസ്വം ബോർഡിൻെറ വിഹിതവും ചേർത്ത് ജോലികൾ പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിരുന്നത്. ഇതിൽ ദേവസ്വം ബോർഡിൻെറ ഭാഗത്തുനിന്നും കുളത്തിൻെറ ചുറ്റുമുള്ള റീടെയിനിംഗ് വാൾ ഫൗണ്ടേഷനും അതിനു മുകളിലേക്ക് 1.80 മീറ്റർ ഉയരത്തിൽ കെട്ടിയതിനുമുകളിൽ ആർ.സി.സി ബെൽറ്റ് തീർക്കലും പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ എം.എൽ.എ ഫണ്ടുപയോഗിച്ചു പൂർത്തിയാക്കേണ്ടുന്ന ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 01/09/2015 ലും 7/10/2015 ലും 67/09 നമ്പരായി കത്തുകൾ നൽകിയിക്കൊണ്ട് കോൺട്രാക്ടറോട് പണി പൂർത്തീകരിക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിൽ തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ലായെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിരുന്ന കരാറുകാരൻ ആരാണ്; മേൽവിലാസം ലഭ്യമാക്കുമോ; | സി) | ശ്രീ. സുധീഷ് ബാബു.ഡി.എസ്, ഇൻഡോ–ടെക്ക് എൻജിനീയേഴ്സ്, തിരുവനന്തപുരം. |
| ഡി) ഇതിനകം കരാറുകാരന് കൊടുത്ത തുക എത്രയാണ്; | ഡി) | പ്രസ്തുത കരാറുകാരൻ എം.എൽ.എ. ഫണ്ടിൽ നിന്നും 4,91,497/- രൂപയും ദേവസ്വം ബോർഡിൽ നിന്നും 56,171/- രൂപയും ഉൾപ്പെടെ 5,47,668/- രൂപ ഇതുവരെ കൈപ്പറ്റിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഇ) | പ്രസ്തുത പ്രവൃത്തി ബാക്കി പണികൾ എന്നത്തേക്കയ്ക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ; | ഇ) | പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുവാൻ രണ്ട് മാസം മതിയാകുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| എഫ്) | എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കാത്ത പക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തി പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | എഫ്) | എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ പൂർത്തിയാക്കാത്തപക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തി പണി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുന്നതായിരിക്കും എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ